# കേരള
# ഗ്രാമപഞ്ചായത്ത്
# അസോസിയേഷൻ

# 30 –ാം ജനറൽ ബോഡി

## പ്രവർത്തന റിപ്പോർട്ടും കണക്കും

2014 മെയ് 1 മുതൽ 2015 ഏപ്രിൽ 31 വരെ

**2015 ആഗസ്റ്റ് 4**

**അഹമ്മദ് കുരിക്കൾ പഞ്ചായത്ത് ഭവൻ**
**വെള്ളയമ്പലം, തിരുവനന്തപുരം**

**Kerala Grama Panchayath Association**
**$30^{th}$ General Body - Report**
(Malayalam)

*First Edition*: August 2015

*Published by*
**Kerala Grama Panchayat Association**
Ahammed Kurikkal Panchayat Bhavan, Observatory Hills
Thiruvananthapuram 695 033
Phone: 0471- 2325185 Fax: 0471- 2735156
Email: keralagpa@gmail.com
Website: www.keralagpassociation.org

*Book Design and Production*:
Wordpecker, Trivandrum

## ആമുഖം

കേരളത്തിലെ അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും ഒട്ടനവധി മാറ്റങ്ങൾക്ക് വിധേയമായ കാലഘട്ടമായിരുന്നു നമ്മുടേത്. പഞ്ചായത്തുകൾക്ക് കൂടുതൽ സ്വാതന്ത്ര്യം ലഭ്യമായത്, സ്റ്റാഫ് പാറ്റേണിൽ വന്ന മാറ്റം, ജനപ്രതിനിധികളുടെ ഹോണറേറിയത്തിലെ വർദ്ധനവ്, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ ആസൂത്രണത്തിലും അംഗീകാരത്തിലും വരുത്തിയമാറ്റം, അംഗീകാര നടപടിക്രമങ്ങൾ ഓൺലൈൻ വഴിയാക്കിയത്, MGNREGS ൽ വന്ന മാറ്റങ്ങൾ പദ്ധതി തുകയിലെ വർദ്ധനവ്, പഞ്ചായത്ത് സെക്രട്ടറിമാരെ ഗസറ്റ് പോസ്റ്റിലേക്ക് മാറ്റിയത്, മാർച്ചിന് മുമ്പേ അടുത്ത വർഷത്തെ പദ്ധതിക്കുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള വ്യവസ്ഥ നിലവിൽ വന്നത്, കേന്ദ്ര ധനകാര്യ കമ്മിഷന്റെ തുകയിലെ വർദ്ധനവ്, കോഡുകൾ ഏകീകരിച്ച് ബജറ്റും പ്ലാനും തമ്മിലുള്ള ബന്ധം ഉറപ്പിച്ചത്, മാർച്ചിൽ തന്നെ പദ്ധതി പൂർത്തീകരിച്ച് പണം ചെലവഴിച്ച് തീർത്തിരിക്കണം എന്ന നിബന്ധനയിൽ മാറ്റം വരുത്തി, മാർച്ച് കഴിഞ്ഞും പണം വിനിയോഗിക്കാം എന്ന ഉത്തരവ്, പഞ്ചായത്തുകൾ അപ്പപ്പോൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ഇടപെട്ട് പരിഹരിക്കുക, പഞ്ചായത്തിരാജിലും വികേന്ദ്രീകൃതാസൂത്രണത്തിലും വരുത്താൻ കഴിഞ്ഞ മാറ്റങ്ങളിൽ വഹിച്ച നിർണായക പങ്ക്, ഏത് പ്രശ്നം നാം സർക്കാരിന് മുന്നെ ഉന്നയിച്ചാൽ അനുഭാവപൂർവ്വം എത്രയും വേഗത്തിൽ അത് പരിഹരിക്കാൻ, നമ്മുടെ നിർദ്ദേശങ്ങൾ പരിഗണിക്കാൻ സർക്കാർ കാണിച്ച ആർജ്ജവം അത് നേടിയെടുക്കാനുള്ള നമ്മുടെ ശ്രമം ഒക്കെ ഈ കാലഘട്ടത്തിൽ എടുത്ത് പറയേണ്ട നമ്മുടെ നേട്ടമായി കാണാൻ കഴിയണം.

കേരളത്തിലെ പഞ്ചായത്തുകൾക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ ഇനിയും കൂടുതൽ പണം അനുവദിക്കേണ്ടതില്ല എന്ന കേന്ദ്ര 14-ാം ധനകാര്യ കമ്മീഷന്റെ അഭിപ്രായത്തിൽ നിന്നും മാറി കേരളത്തിന്റെ സാഹചര്യങ്ങൾ നിരത്തി കൂടുതൽ പണം കേന്ദ്രത്തിൽ നിന്നും അനുവദിക്കേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്താനും, അത് നേടിയെടുക്കാനും കഴിഞ്ഞു എന്നത് നമ്മുടെ പ്രവർത്തനത്തിന്റെ ഒരു പൊൻതൂവലായി നമുക്ക് കണക്കാക്കാം. അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ഉത്തരവാദിത്വങ്ങൾ ചുമതലകൾ എന്നിവ നിശ്ചയിക്കുന്നതിനായി സർക്കാരിന്, പ്രത്യേക ശിൽപ്പശാല നടത്തി അഭിപ്രായങ്ങൾ രേഖാമൂലം നൽകി. തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിങ്ങിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി പഞ്ചായത്തുകളുമായി കൂടുതൽ അടുത്ത് നിർത്താനായി. പ്രത്യേക ശിൽപ്പശാലകൾ സംഘടിപ്പിച്ച് രേഖാമൂലം അഭിപ്രായങ്ങൾ തയ്യാറാക്കി സർക്കാരിന് നൽകൽ. പഞ്ചായത്തുകളുടെ അനുഭവങ്ങൾ പങ്കുവയ്ക്കാൻ ത്രിദിന ശിൽപശാല നടത്തി. ഇത്തരത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

കാർഷിക കർമ്മസേനയുടെ വ്യാപനത്തിനായി തെരഞ്ഞെടുത്ത 200 പഞ്ചായ

ത്തുകളിൽ 46 എണ്ണത്തിന് 15 ദിവസ പരിശീലനം, കർമ്മസേന പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, സൂപ്പർവൈസർ, കോഡിനേറ്റർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ എന്നിവർക്ക് മൂന്ന് ത്രിദിന മാനേജ്മെന്റ് പരിശീലനങ്ങൾ നടത്തി. കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ വച്ച് ടെക്നീഷ്യൻസിന്റെ ദ്വിദിന പരിശീലനം സംഘടിപ്പിച്ചു. 32 പഞ്ചായത്തുകളിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. പരിശീലനം താഴെതലത്തിൽ നല്കുന്നതിനായി രണ്ട് പരിശീലക പരിശീലനം സംഘടിപ്പിച്ചു. തെരഞ്ഞെടുത്ത പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മൂന്ന് പ്രാവശ്യം പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺസ്, കൃഷി ഓഫീസേഴ്സ് എന്നിവരുടെ റീജിയണൽ യോഗങ്ങൾ നടത്തി. നാല് റീജിയണൽ യോഗങ്ങളിലും വിപുലമായി മെഷീൻസിന്റെ എക്സിബിഷൻ സംഘടിപ്പിച്ചു. പരിശീലനം കഴിഞ്ഞ പഞ്ചായത്തുമായി നിരന്തരം ബന്ധം സ്ഥാപിച്ച് അവരുടെ സംശയങ്ങൾ, ആശങ്കകൾ, തടസ്സങ്ങൾ എന്നിവ നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി.

രണ്ട് പഞ്ചായത്തുകളിൽ സമഗ്രവികസനത്തിന് വേണ്ട സഹായം, നാല് പഞ്ചായത്തുകളിൽ പട്ടികജാതി വികസനത്തിനുള്ള സഹായം ഒരു പഞ്ചായത്തിന് പട്ടികവർഗ്ഗ വികസനത്തിന് വേണ്ട പിൻതുണ, സ്ത്രീസൗഹൃദ പഞ്ചായത്തിനായി തെരഞ്ഞെടുത്ത 6 പഞ്ചായത്തുകളിൽ സഖി വിമൺ റിസോഴ്സ് സെന്ററുമായി ചേർന്ന് നടത്തിയ പ്രവർത്തനങ്ങൾ, സമഗ്ര ആരോഗ്യപരിപാടി ഒരു പഞ്ചായത്തിൽ എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള മോഡ്യൂൾ തയ്യാറാക്കൽ, ജന്റർ കോഴ്സ് നടത്താനുള്ള മോഡുകൾ തയ്യാറാക്കൽ, എം.ജി. സർവ്വകലാശാലയുടെ എക്സ്റ്റെൻഷൻ സെന്ററുമായി ചേർന്ന് അഞ്ച് ശിൽപ്പശാലകൾ എറണാകുളം ജില്ലയിലെ 42 പഞ്ചായത്തുകളിൽ അയൽസഭ രൂപീകരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ. ഇവയുടെ പ്രവർത്തനങ്ങൾ മാതൃകയാക്കാൻ വേണ്ട ആസൂത്രണവും കർമ്മപരിപാടികളും നടന്നുവരുന്നു.

അസോസിയേഷന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമെന്ന നിലയിൽ അന്തർദേശീയതലത്തിൽ പ്രവർത്തിക്കുന്ന മേയേഴ്സ് പീസ് ഫൗണ്ടേഷൻ എന്ന സംഘടനയിൽ അഫിലിയേഷൻ, ഏഷ്യ കേന്ദ്രീകരിച്ച് അധികാര വികേന്ദ്രീകരണത്തിന്റെ പ്രമോഷനുവേണ്ടി പ്രവർത്തിക്കുന്ന 'ലോഗിൻ' എന്ന സംവിധാനത്തിൽ മെമ്പർഷിപ്പ്, വിദേശത്തുനിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും പഠിക്കാനായി ധാരാളം പേർ അസോസിയേഷനിൽ വരാറുണ്ട്. ഇതൊക്കെ നമ്മുടെ അംഗീകാരമാണ്.

അസോസിയേഷനിൽ അധികമായി 30 പേർക്ക് കൂടി താമസിക്കാൻ സംവിധാനം ഒരുക്കി, ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തി, ഹോളുകളുടെ സൗകര്യം മെച്ചപ്പെടുത്തി പഞ്ചായത്ത് ഭവനിലെ കുടിവെള്ളപ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കി. അസോസിയേഷൻ സ്വന്തമായി ഒരു വാഹനം വാങ്ങി. കാസർകോട് ജില്ലാ കമ്മറ്റിയുടെ അശ്രാന്തപരിശ്രമത്തിന്റെ ഭാഗമായി ജില്ലയിൽ അസോസിയേഷന്റെ ഒരു ആസ്ഥാ

നമന്ദിരത്തിന്റെ പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്ത് ഭവനിലെ വേസ്റ്റ് മാനേജ്മെന്റിന് പ്രത്യേക സംവിധാനം ഒരുക്കി. എല്ലാ ജില്ലയിലും ജില്ലാ അസോസിയേഷനുകൾ ജില്ലാതല പ്രവർത്തനം കാര്യക്ഷമമായി നിർവ്വഹിക്കുന്നു.

കഴിഞ്ഞ അഞ്ച് വർഷക്കാലം നമുക്ക് കൂട്ടായി ഇത്തരത്തിൽ ഒരു പ്രവർത്തനം നടത്താൻ കഴിഞ്ഞത് ഒട്ടനവധി പേരുടെ സഹായത്തോടെയാണ്. വിദഗ്ദ്ധരായവർ വിവിധവകുപ്പിലെ പ്രത്യേകിച്ച് പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥർ, പഞ്ചായത്ത്, ആസൂത്രണവകുപ്പ്, കൃഷിവകുപ്പ് മന്ത്രിമാരുടെ സഹായവും സഹകരണവും നിർദ്ദേശവും ഈയവസരത്തിൽ എടുത്തു പറയേണ്ടതാണ്. അതിനേക്കാൾ ഉപരി മുഖ്യമന്ത്രിയുടെയും, സർക്കാരിന്റെയും സഹായം ഒരിക്കലും വിസ്മരിക്കാവുന്നതല്ല. പ്ലാനിംഗ് ബോർഡ്, പ്രത്യേകിച്ചും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനി സ്ട്രേഷൻ (കില) എന്നിവരുടെ സഹായവും നിർദ്ദേശവും ഈ അവസരത്തിൽ എടുത്തുപറയേണ്ടതാണ്. കൃഷിവകുപ്പിൽ, ഗ്രാമപഞ്ചായത്ത് അസോസിയേഷനും, പഞ്ചായത്തുകളും ചേർന്ന് കാർഷികരംഗത്തിന്റെ പുരോഗതിക്കായി രൂപംകൊണ്ട കൂട്ടായ്മ ഒരു പുത്തൻ വികസനശ്രമത്തിന്റെ മാതൃകയാണ്. സഖി വിമൺ റിസോഴ്സ് സെന്റർ, കാവൽ, ശാന്തിഗ്രാം, ആധാന, എം.ജി. യൂണിവേഴ്സിറ്റി എക്സ്റ്റൻഷൻ സെന്റർ, കോഴിക്കോട് സർവ്വകലാശാലയുടെ വിമൺ സ്റ്റഡി സെന്റർ, കുടപ്പനക്കുന്ന് കാർഷിക കർമ്മസേന തുടങ്ങിയവരുടെ സഹായവും നമ്മുടെ പ്രവർത്തനത്തിന് ഉണ്ടായിരുന്നു എന്നത് ശ്രദ്ധേയമാണ്. തുടർന്നും ഇത്തരത്തിൽ കൂട്ടായി പ്രവർത്തിക്കാൻ നമുക്ക് കഴിയണം എന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് 2014 ഏപ്രിൽ 31 മുതൽ 2015 ഏപ്രിൽ 31 വരെയുള്ള പ്രവർത്തന റിപ്പോർട്ടും 2015 മാർച്ച് 31 വരെയുള്ള വരവ് ചെലവ് കണക്കും ഇതോടൊപ്പം നിങ്ങളുടെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

## 29-ാം സംസ്ഥാന പൊതുയോഗം

കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ 29-ാം സംസ്ഥാന പൊതുയോഗം 2014 മെയ് 14 ന് തിരുവനന്തപുരത്തുള്ള അഹമ്മദ്കുരിക്കൾ പഞ്ചായത്ത് ഭവനിൽ വച്ച് നടക്കുകയുണ്ടായി. രാവിലെ 9.45 ന് അസോസിയേഷൻ പ്രസിഡന്റ് ശ്രീ.പി.റ്റി മാത്യു പതാക ഉയർത്തിയതോടെ യോഗനടപടി ക്രമങ്ങൾ ആരംഭിച്ചു. തുടർന്ന്, മരണപ്പെട്ടു പോയ ജനപ്രതിനിധികൾ കലാ, സാഹിത്യ, സാമൂഹ്യ പ്രവർത്തനരംഗത്ത് പ്രവർത്തിച്ചിരുന്നവർ എന്നിവരുടെ വിയോഗത്തിൽ അനുശോചനം അർപ്പിക്കുന്നതിനായി അനുശോചനക്കുറിപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായ അഡ്വ. എ.ഹക്കിം അവതരിപ്പിച്ചു. അനുശോചനത്തെ തുടർന്ന് ഉത്ഘാടന പൊതുസമ്മേളനം ആരംഭിച്ചു.

അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ ജനറൽ സെക്രട്ടറി സൂപ്പിനരിക്കാട്ടേരി സ്വാഗതം പറഞ്ഞു. തുടർന്ന് യോഗം ഉത്ഘാടനം ചെയ്ത് കൊണ്ട് ബഹു.പഞ്ചാ

യത്ത് വകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ സംസാരിച്ചു. അദ്ദേഹത്തിന്റെ ഉത്ഘാടന പ്രസംഗത്തിൽ കേരളത്തിലെ പഞ്ചായത്തുകൾ നിലവാരം മെച്ചപ്പെടുത്തിയതിനാൽ ഇന്ത്യയിൽ നമ്മുടെ സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞു. പങ്കാളിത്ത ജനാധിപത്യത്തിന്റെ ആവശ്യകത, ഈ ഗവേണൻസിലേക്ക് പഞ്ചായത്തുകൾ വരേണ്ടതിന്റെ ആവശ്യകത എന്നിവ സൂചിപ്പിക്കുകയുണ്ടായി.

എറണാകുളം ജില്ലയിലെ ശ്രീമൂലം നഗരം ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റായിരുന്ന ശ്രീ.കെ.എച്ച്. ഹംസ, അംഗമായ ശ്രീ.ബിജു അറക്കൽ ഒരു ആക്സിഡന്റിൽ മരണപ്പെട്ടതിന്റെ ഭാഗമായി അസേസിയേഷൻ സർക്കാർ അനുമതി വാങ്ങി പഞ്ചായത്തുകളിൽ നിന്നും എല്ലാ പഞ്ചായത്തുകളിൽ നിന്നും 2000 രൂപ വീതവും, എറണാകുളം ജില്ലയിൽ നിന്നും 10,000 രൂപ വീതവുമാണ് ശേഖരിച്ചത്. ഇത്തരത്തിൽ ശേഖരിച്ച ആകെ തുകയായ 14,36,000 ൽ നിന്ന് 8,61,600 രൂപ കെ.എച്ച്. ഹംസയുടെ കുടുംബത്തിനും 5,74,400 രൂപ ബിജുവിന്റെ കുടുംബത്തിനും, വേണ്ടി ബഹു. ആസൂത്രണ, ഗ്രാമവികസന വകുപ്പ് മന്ത്രി ശ്രീ.കെ.സി. ജോസഫ് നൽകിക്കൊണ്ട് സംസാരിച്ചു. കേരളത്തിലെ പഞ്ചായത്തുകൾ നിയമപരിധിയിൽ നിന്ന്കൊണ്ട് സ്വതന്ത്രമായി പ്രവർത്തിക്കുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളായി മാറണമെന്നും, നിലവിലെ 12-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ ആയതിന് ഉതകുന്ന തരത്തിൽ ഇനിയും മാറ്റം വരുത്തണമെങ്കിൽ അത് ചർച്ച ചെയ്ത് രേഖാമൂലം നൽകണമെന്നും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഊന്നൽ നൽകിയിരുന്നു.

യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തിക്കൊണ്ട് സംസാരിച്ചത് മുൻധനകാര്യ വകുപ്പ് മന്ത്രിയും, നിയുക്ത എം.എൽ.എയുമായ ഡോ.തോമസ് ഐസക് ആയിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അടുത്ത ഘട്ടത്തിലെ പഞ്ചായത്ത് എങ്ങിനെ ആയിരിക്കണം എന്നതിനാണ് കൂടുതൽ ഊന്നൽ നൽകിയിരുന്നത്. കൂടാതെ ആശംസകൾ അർപ്പിച്ചുകൊണ്ട് കില ഡയറക്ടർ ഡോ.പി.പി. ബാലൻ, പഞ്ചായത്ത് ഡയറക്ടർ ഇൻചാർജ്ജ് ശ്രീ.എ. സെയ്ദ് പഞ്ചായത്ത് ജോ. ഡയറക്ടർ ജി.ബാബു എന്നിവർ സംസാരിച്ചിരുന്നു.

തുടർന്ന് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ ജനറൽ സെക്രട്ടറി റിപ്പോർട്ടും വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു. ഉച്ചകഴിഞ്ഞ് റിപ്പോർട്ടും വരവ് ചെലവ് കണക്കിനും മേൽ ജനറൽ ബോഡിയിൽ നിന്നും ഓരോരുത്തർ ഓരോ ജില്ലയെ പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. വന്ന ചർച്ചകളോട് ജനറൽ സെക്രട്ടറിയും, പ്രസിഡന്റും പ്രതികരിച്ച് തുടർപരിപാടികളും ആസൂത്രണംചെയ്ത് യോഗം അവസാനിച്ചു.

**സംഘടന**

29-ാം സംസ്ഥാന സമ്മേളനത്തിന് ശേഷം അഞ്ച് ഭാരവാഹികളുടെ യോഗവും

മൂന്ന് സംയുക്തയോഗവും ഒരു എക്സിക്യൂട്ടീവ് കമ്മറ്റി യോഗവും അടക്കം 9 യോഗങ്ങളാണ് നടന്നത്. എക്സിക്യൂട്ടീവ് യോഗത്തിലും, സംയുക്തയോഗങ്ങളിലും മുൻവർഷത്തെക്കാൾ ഈ വർഷം പങ്കാളിത്തം കുറവായാണ് കാണാൻ കഴിഞ്ഞത്. നടന്ന 9 യോഗങ്ങളിൽ, ഒരു സംയുക്തയോഗം തൃശൂർ കിലയിലും ഒരു ഭാരവാഹികളുടെ യോഗം കോഴിക്കോടും വച്ചുമാണ് നടന്നത്. ബാക്കി യോഗങ്ങൾ പഞ്ചായത്ത് ഭവനിൽ വച്ചാണ് ചേർന്നത്.

## സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം 2015 (2015 ഫെബ്രുവരി 18, 19 പാലക്കാട്)

ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷം പഞ്ചായത്ത് രാജിന്റെ ഉപജ്ഞാതാവ് എന്നറിയപ്പെടുന്ന യശഃശരീരനായ ബൽവന്ത്റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19-നെ സ്മരിച്ചുകൊണ്ട് 18, 19 തീയതികളിലായി വിവിധ പരിപാടികളോടെ ആഘോഷപൂർവ്വം നടന്നു. പാലക്കാട് മെഴ്സി കോളേജ് റോഡിലെ പ്രസന്നലക്ഷ്മി ആഡിറ്റോറിയത്തിലാണ് ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷം നടന്നത്. മുഖ്യമന്ത്രി, വകുപ്പ്മന്ത്രി, എം.പി., എം.എൽ.എമാർ ഉദ്യോഗസ്ഥ പ്രമുഖർ മറ്റ് ജനപ്രതിനിധികൾ എന്നിവരുടെ സാന്നിധ്യം കൊണ്ട് സമ്പന്നമായിരുന്നു പഞ്ചായത്ത് ദിനാഘോഷം. മുൻ വർഷങ്ങളിലേതുപോലെ ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ നേതൃത്വത്തിലാണ് പഞ്ചായത്ത് ദിനാഘോഷത്തിന്റെ സംഘാടനവും നടത്തിപ്പും നടന്നത്.

18.02.2015 രാവിലെ സമ്മേളന നഗരിയിൽ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി മാത്യു പതാക ഉയർത്തിയതോടെ ആഘോഷങ്ങൾക്ക് തുടക്കമായി. തുടർന്ന് 10 മണി മുതൽ 'സദ്ഭരണവും പങ്കാളിത്ത ജനാധിപത്യവും പഞ്ചായത്ത് രാജ് സംവിധാനത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടന്നു. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ. കണ്ടമുത്തന്റെ അദ്ധ്യക്ഷതയിൽ കൂടിയ സെമിനാർ സെഷൻ പാലക്കാട് എം.എൽ.എ ഷാഫി പറമ്പിൽ ഉദ്ഘാടനം ചെയ്തു. ലോക്കൽ ഗവ. കമ്മിഷൻ ചെയർമാനും മുൻതദ്ദേശ സ്വയംഭരണ വകുപ്പ്മന്ത്രിയുമായ കുട്ടി അഹമ്മദ്കുട്ടി മോഡറേറ്ററായ സെമിനാർ സെഷനിൽ പഞ്ചായത്ത് ഡയറക്ടർ ഇൻചാർജ്ജ് എ.സെയിദ് വിഷയാവതണം നടത്തി. വിഷയാവതരണത്തെ തുടർന്ന് നടന്ന പ്രതികരണ ചർച്ചകളിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ, സി.ആർ.എം.ഡയറക്ടർ ഡോ. ജോസ് ചാത്തുകുളം, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽസെക്രട്ടറി സൂപ്പി നരിക്കാട്ടേരി, ബ്ലോക്ക്പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ.എം.മണികണ്ഠൻ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്ത് സദ്ഭരണവും പങ്കാളിത്ത ജനാധിപത്യവും പഞ്ചായത്ത് രാജ് സംവിധാനത്തിലെ വിവിധതലങ്ങളെക്കുറിച്ച് സംസാരിച്ചു.

ഉച്ചക്ക് ശേഷം 'പാർശ്വവൽകൃത ജനവിഭാഗങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും'

എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാറാണ് നടന്നത്. എറണാകുളം ജില്ല പഞ്ചായത്ത് പ്രസിഡന്റ് എൽദോസ് കുന്നപ്പള്ളി അദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പിനരിക്കാട്ടേരി സ്വാഗതം ആശംസിച്ചു. സെമിനാർ ഉദ്ഘാടനം സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ഡോ.കെ.എം.ചന്ദ്രശേഖർ നിർവ്വഹിച്ചു. വിഷയാവതരണം കില ഡയറക്ടർ ഡോ. പി.പി.ബാലൻ നടത്തി. പ്രതികരണങ്ങളിൽ പങ്കെടുത്ത് ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുബൈദ ഇസ്ഹാക്ക്, ഗ്രാമപ്ചായത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് പന്തളം പ്രതാപൻ, പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി.ഭാർഗ്ഗവി തുടങ്ങിയവർ പ്രസംഗിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗം കല്ലടി അബുബക്കർ കൃതജ്ഞത പറഞ്ഞ ചടങ്ങിൽവെച്ച് പഞ്ചായത്ത് ദിനാഘോഷ കമ്മിറ്റി തയ്യാറാക്കിയ സുവനീർ പ്രകാശനം ഡോ.കെ.എം.ചന്ദ്രശേഖർ പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സി.എൻ.ബാബുവിന് നൽകി നിർവ്വഹിച്ചു.

വൈകുന്നേരം 4.30 മണി മുതൽ 'അനുഭവങ്ങൾ പങ്കുവെയ്ക്കൽ' എന്ന പരിപാടി നടന്നു. പബ്ളിസിററി ആഫീസർ എ.ഹാഷിം സ്വാഗതം ആശംസിച്ച ചടങ്ങിൽ പഞ്ചായത്ത് ഡയറക്ടർ ഇൻചാർജ്ജ് എ.സെയിദ് അദ്ധ്യക്ഷനായിരുന്നു. പ്രസ്തുത സെഷനിൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ പ്രതിനിധികൾ അവരവരുടെ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മാതൃകാ പദ്ധതികളെക്കുറിച്ച് വിവരണം നടത്തി. പാലക്കാട് ജില്ലാ പ്ലാനിംഗ് ആഫീസർ പി.പി.ജോണി പ്രതികരണങ്ങളിൽ പങ്കെടുത്ത് സംസാരിച്ചു. പഞ്ചായത്ത് അസി. ഡയറക്ടർ വി.രാധാകൃഷ്ണൻ നന്ദി പറഞ്ഞു. തുടർന്ന് 7 മണി മുതൽ വവിധ കലാപരിപാടികൾ അരങ്ങേറി.

19.02.2015 രാവിലെ ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. പ്രൗഢ ഗംഭീരമായിരുന്നു ഉദ്ഘാടന സമ്മേളനം. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പിനരിക്കാട്ടേരി സ്വാഗതം ആശംസിച്ച സമ്മേളനത്തിന് അദ്ധ്യക്ഷം വഹിച്ചത് പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എ.കെ.മുനീറാണ്. ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിച്ചു. ഗ്രാമസ്വരാജ് പൂർണ്ണമായും പ്രാവർത്തികമാക്കുന്നതിന് ഗ്രാമസഭകൾ ശക്തിപ്പെടുത്തേണ്ട ആവശ്യകത മുഖ്യമന്ത്രി എടുത്തു പറഞ്ഞു. ജനന മരണ വിവാഹരജിസ്ട്രേഷൻ സംബന്ധിച്ച് ഇന്നേവരെ പുറപ്പെടുവിച്ച ഉത്തരവുകൾ/സർക്കുലറുകൾ നിർദ്ദേശങ്ങൾ എന്നിവ ക്രോഡീകരിച്ച് തയ്യാറാക്കിയ പുസ്തകം പ്ലാനിംഗ് ബോർഡ് അംഗം സി.പി. ജോണിന് നല്കി മുഖ്യമന്ത്രി പ്രകാശനം ചെയ്തു. തുടർന്ന് 2013-14 വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച് സ്വരാജ് ട്രോഫിക്ക് സംസ്ഥാനതലത്തിൽ അർഹരായ ജില്ലാപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവർക്കുള്ള ട്രോഫികളും മുഖ്യമന്ത്രി വിതരണം ചെയ്തു. ഉദ്ഘാടന ചടങ്ങിൽ ആശംസ അർപ്പിച്ചുകൊണ്ട് പി.കെ.ബിജു എം.പി., ഷാഫിപറമ്പിൽ, എൻ.ഷംസുദീൻ, പി.സി.വിഷ്ണുനാഥ്, കെ.പി.വിജയദാസ്, കെ.അച്യുതൻ,

വി.ടി.ബൽറാം എന്നീ എം.എൽ.എമാരും പ്ലാനിംഗ് ബോർഡ് അംഗം സി.പി.ജോണും ആശംസാ പ്രസംഗം നടത്തി.

ഉച്ചക്ക് 2 മണിക്ക് ചേർന്ന സമാപന സമ്മേളനം പഞ്ചായത്ത് വകുപ്പ്മന്ത്രി ഡോ. എം.കെ.മുനീർ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സ്വാഗതം ആശംസിച്ച ചടങ്ങിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ടി. മാത്യു അദ്ധ്യക്ഷനായിരുന്നു. പ്രസ്തുത ചടങ്ങിൽ വച്ച് 2013-2014 വർഷം മികച്ച പ്രവർത്തനം കാഴ്ചവെച്ച് സ്വരാജ് ട്രോഫിക്ക് അർഹരായ (ജില്ലാതലത്തിൽ) ഗ്രാമപഞ്ചായത്തുകൾക്കുള്ള ട്രോഫികളും ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള മഹാത്മാ പുരസ്കാര വിതരണവും മന്ത്രി ഡോ.എം.കെ.മുനീർ നിർവ്വഹിച്ചു. അതോടൊപ്പം അന്താരാഷ്ട്ര നിലവാരമായ ഐ.എസ്.ഒ അംഗീകാരം കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക ക്യാഷ് അവാർഡും മന്ത്രി വിതരണം ചെയ്തു. സംഘാടകസമിതി ജനറൽ കൺവീനറും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുമായ കെ.മുരളീധരന്റെ നന്ദി പ്രഭാഷണത്തോടെ പഞ്ചായത്ത് ദിനാഘോഷം 2015 ന് തിരശ്ശീല വീണു.

## സ്വരാജ് ട്രോഫിക്ക് അർഹരായ ഗ്രാമപഞ്ചായത്തുകൾ

2013-2014 വർഷം മികച്ചപ്രവർത്തനം കാഴ്ചവച്ച് സ്വരാജ് ട്രോഫിക്ക് അർഹതനേടിയ ഗ്രാമപഞ്ചായത്തുകൾ

**സംസ്ഥാനതലം (ഗ്രാമപഞ്ചായത്ത്)**

ഒന്നാംസ്ഥാനം - നാദാപുരം ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)
രണ്ടാംസ്ഥാനം - ചെമ്പിലോട് ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)
മൂന്നാം സ്ഥാനം - വടക്കേക്കാട് ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ ജില്ല)

**ജില്ലാതലം (ഗ്രാമപഞ്ചായത്ത്)**

| ജില്ല | സ്ഥാനം | ഗ്രാമപഞ്ചായത്ത് |
|---|---|---|
| തിരുവനന്തപുരം | 1 | കരകുളം |
| | 2 | മാണിക്കൽ |
| കൊല്ലം | 1 | കുലശേഖരപുരം |
| | 2 | തഴവ |
| പത്തനംതിട്ട | 1 | കവിയൂർ |
| | 2 | തുമ്പമൺ |
| ആലപ്പുഴ | 1 | വീയപുരം |
| കോട്ടയം | 1 | മുത്തോലി |

| | | |
|---|---|---|
| | 2 | മരങ്ങാട്ടുപ്പിള്ളി |
| ഇടുക്കി | 1 | കട്ടപ്പന |
| എറണാകുളം | 1 | മണീട് |
| | 2 | ചോറ്റാനിക്കര |
| തൃശ്ശൂർ | 1 | എങ്ങണ്ടിയൂർ |
| | 2 | പൂമംഗലം |
| പാലക്കാട് | 1 | ശ്രീകൃഷ്ണപുരം |
| | 2 | തിരുവേഗപ്പുറ |
| മലപ്പുറം | 1 | പുലാമന്തോൾ |
| | 2 | ആനക്കയം |
| കോഴിക്കോട് | 1 | കായ്യണ്ണ |
| | 2 | കുന്നുമ്മൽ |
| വയനാട് | 1 | വൈത്തിരി |
| | 2 | എടവക |
| കണ്ണൂർ | 1 | കൊളച്ചേരി |
| | 2 | അഞ്ചരക്കണ്ടി |
| കാസർഗോഡ് | | അർഹർ ഇല്ല |

## ദേശീയ പഞ്ചായത്ത് ദിനാഘോഷം

2015 ഏപ്രിൽ 24 ന് ഡൽഹിയിൽ വച്ചു നടന്ന ദേശീയ പഞ്ചായത്ത് ദിനാഘോഷം അവാർഡുകൾ കൊണ്ട് കേരളത്തിന്റെ സാന്നിദ്ധ്യം വിളിച്ചോതിയ ദിനമായിരുന്നു. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ച കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത് എന്നിവർക്ക് പഞ്ചായത്ത് ശാക്തീകരൺ ഗൗരവ് പുരസ്കാരവും, ഏറ്റവും നല്ല ഗ്രാമസഭാ പ്രവർത്തനവും ജനകീയ പ്രവർത്തനവും കാഴ്ചവച്ചതിന് ഏറണാകുളം ജില്ലയിലെ മണീട് പഞ്ചായത്തിന് രാഷ്ട്രീയ ഗൗരവ് പുരസ്കാരവും ലഭിക്കുകയുണ്ടായി. കൂടാതെ പഞ്ചായത്തിരാജ് പ്രവർത്തനത്തിൽ വീണ്ടും കേരളം തലപ്പത്ത് എത്തിയതിന്റെ അവാർഡ് തിളക്കവും ഈ സമ്മേളനത്തിന്റെ പ്രത്യേകതയായിരുന്നു എന്നത് നമുക്ക് ഓരോരുത്തർക്കും അഭിമാനിക്കാവുന്നതാണ്.

## 14-ാം ധനകാര്യകമ്മീഷൻ

കേന്ദ്ര ധനകാര്യകമ്മീഷൻ കേരളത്തിൽ സന്ദർശിക്കുമ്പോൾ കേരളത്തിലെ പഞ്ചായത്തുകൾക്ക് ഇനി കൂടുതൽ തുക നൽകേണ്ടതില്ല എന്നതായിരുന്നു അവരുടെ നിലപാട്. എന്നാൽ അത് ശരിയല്ല എന്ന് കാര്യകാരണസഹിതം നമുക്ക് രേഖാമൂലം തന്നെ

ബോധ്യപ്പെടുത്താൻ കഴിഞ്ഞു എന്നതിനാൽ വലിയ മാറ്റമൊന്നും ഉണ്ടായില്ല എങ്കിലും ഈ വർഷത്തെ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ വർദ്ധനവ് നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞു എന്നത് അഭിമാനകരം തന്നെ. ഇത് അവരെ ബോധ്യപ്പെടുത്തുന്നതിനായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ എന്നിവരുമായി ചർച്ച നടത്തി ഒരു മെമ്മോറാണ്ടം തയ്യാറാക്കി കമ്മിഷൻ മുമ്പാകെ അവതരിപ്പിച്ചു.

## സമഗ്ര കാർഷിക വികസനവും തരിശുരഹിത പഞ്ചായത്തും

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ നിലവിലെ ഭരണസമിതി അധികാരത്തിൽ വന്നപ്പോൾ ആദ്യമായി നടത്തിയ മൂന്ന് ദിവസത്തെ ആശയ രൂപീകരണ ശിൽപ്പശാലയിൽ ഉയർന്നുവന്ന പ്രധാന വിഷയം പഞ്ചായത്തുകൾക്ക് ഉത്പാദനമേഖലയിൽ പ്രത്യേകിച്ച് കാർഷികമേഖലയിൽ സാധ്യതകൾക്ക് അനുസരിച്ച് വേണ്ടത്ര മുന്നേറാൻ കഴിയുന്നില്ല എന്നതായിരുന്നു. ഇതിന് പരിഹാരം കാണാൻ ഉതകുന്ന തരത്തിൽ ഒരു പരിപാടി വികസിപ്പിക്കാനും താൽപ്പര്യമുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് ഈ പരിപാടി പ്രവർത്തനതലത്തിൽ എത്തിക്കാൻ കഴിയണമെന്നും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. അതിനായി ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്.

### കാർഷിക കർമ്മസേന

കാർഷികവൃത്തിക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട വൈദഗ്ദ്ധ്യമുള്ള സേവനം ലഭ്യമാക്കുന്നതിന്, ഭരണ നേതൃത്വം നൽകുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും, കൃഷി ഓഫീസർ കൺവീനറുമായിട്ടുള്ള ഉപദേശകസമിതിയും, ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് കുറഞ്ഞത് 40 കർഷകരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഭരണസമിതിയും കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവയിൽ വൈദഗ്ദ്ധ്യവും, കാർഷിക വൃത്തിയിൽ ശാസ്ത്രീയ പരിജ്ഞാനവും ലഭിച്ച കൃഷിവിദഗ്ദ്ധരായ അഗ്രികൾച്ചർ ടെക്നിഷ്യൻസും ചേർന്നതാണ് കാർഷിക കർമ്മസേന.

### നടന്ന തുടർ പ്രവർത്തനങ്ങൾ

ഈ ലക്ഷ്യം കൈവരിക്കുന്നതിന് ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്.

- എല്ലാ പഞ്ചായത്തിനും ഈ പരിപാടിയുടെ വിശദവിവരവും അപേക്ഷിക്കാനുള്ള രീതിയും അപേക്ഷഫോമും അടക്കം കത്ത് അയച്ചു.
- കത്തിനോട് പ്രതികരിച്ച 148 പഞ്ചായത്തുകളെ ഈ പരിപാടിക്കായി പരിഗണിച്ചു.
- പഞ്ചായത്തുകൾക്ക് പരിശീലനങ്ങളിൽ പങ്കെടുക്കാൻ പല അവസരങ്ങൾ നൽകി.

അതിനായി 6 പരിശീലനങ്ങൾ ആദ്യഘട്ടത്തിൽ സംഘടിപ്പിച്ചു. ആകെ 64 പഞ്ചായത്തുകളിൽ നിന്നായി 446 പേരാണ് ഈ പരിശീലനങ്ങളിൽ പങ്കെടുത്തത്. ഇതിൽ പങ്കെടുക്കാത്ത പഞ്ചായത്തുകളെ ഒഴിവാക്കി.

- തുടർന്ന് വീണ്ടും എല്ലാ പഞ്ചായത്തിനും കത്ത് അയച്ചു. 40 പഞ്ചായത്തുകൾ പുതുതായി പ്രതികരിച്ചു. ഇവർക്കായി 2 പരിശീലനങ്ങൾകൂടി സംഘടിപ്പിച്ചു. 28 പഞ്ചായത്തുകളിൽ നിന്നായി 202 പേരാണ് ഈ പരിശീലനങ്ങളിൽ പങ്കെടുത്തത്. പങ്കെടുക്കാത്തവരെ ഒഴിവാക്കി. ഇത്തരത്തിൽ രണ്ട് ബാച്ചുകളിലുമായി ഒടുവിൽ ഈ പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ 92 പഞ്ചായത്തുകളായി.
- പ്രവർത്തന മാർഗ്ഗരേഖ, മോഡൽ പ്രോജക്ട്, മോഡൽ ബൈലാ എന്നിവ തയ്യാറാക്കി 92 പഞ്ചായത്തുകൾക്കും ലഭ്യമാക്കി.
- 92 പഞ്ചായത്തിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ, കൃഷി വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺ, കൃഷി ഓഫീസർ എന്നിവരുടെ ഏകദിന കൂടിയിരുപ്പ് 8 കേന്ദ്രങ്ങളിലായി നടത്തി. ഇതിൽ 460 പേർ പങ്കെടുക്കേണ്ടതിൽ 380 പേർ പങ്കെടുത്തു. (ഇതിൽ 69 ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, 49 കൃഷി ഓഫീസർമാർ, 19 പഞ്ചായത്ത് സെക്രട്ടറിമാർ, 68 വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺസ് 58 കൃഷി വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺസ്, 09 കൃഷി അസിസ്റ്റന്റുമാർ, 09 പൊതുപ്രവർത്തകർ 99 ജനപ്രതിനിധികൾ എന്ന കണക്കിനായിരുന്നു പങ്കാളിത്തം)

**പഞ്ചായത്തുതല പരിശീലനം**

വളരെയധികം ചർച്ചകൾക്കൊടുവിലാണ് പഞ്ചായത്തുതലത്തിൽ തന്നെ ടെക്നീഷ്യൻസിനുള്ള പ്രാഥമിക പരിശീലനം 15 ദിവസമായി നടത്തണമെന്ന് തീരുമാനിച്ചത്. ഇതുതന്നെ ആദ്യം 10 ദിവസത്തെ പരിശീലനം ആയിരുന്നു. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നിരവധി വിഷയങ്ങൾ കൂട്ടിച്ചേർക്കേണ്ടത് അനിവാര്യമായി വന്നതിനാൽ പരിശീലനത്തിന്റെ എണ്ണം 13 ആയും 14 ആയും ഇപ്പോൾ 15 ആയും വർദ്ധിപ്പിക്കുകയുണ്ടായി. പഞ്ചായത്തുതലത്തിൽ പരിശീലനം നടത്തിയതിനാൽ ചുവടെ കൊടുത്തിട്ടുള്ള ഗുണങ്ങളാണുണ്ടായത്.

- പരിശീലനത്തിനുള്ള ധനസമാഹരണം, സംഘാടനം എന്നിവ പഞ്ചായത്തുതലത്തിൽ നടന്നു.
- ഉപദേശക സമിതി, ഭരണസമിതി എന്നിവരുടെ പൂർണ മേൽനോട്ടത്തിൽ നടന്നതിനാൽ അവരുടെ ഓണർഷിപ്പ് വർദ്ധിച്ചു.
- ചെലവ് വളരെ കുറയ്ക്കാൻ കഴിഞ്ഞു.
- നല്ല പ്രചരണം ലഭിച്ചു.

- ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്ക് അനുസരിച്ച് പരിശീലനം നൽകാൻ കഴിഞ്ഞു.
- യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള അറപ്പ് വേഗത്തിൽ മാറിക്കിട്ടി.
- ഓരോ സേവനവും കർഷകർക്ക് നൽകിക്കൊണ്ട് പ്രാദേശികമായി പ്രായോഗിക പരിശീലനം ലഭ്യമായി.

ഇതിനാവശ്യമായ തുക പഞ്ചായത്തുകൾ കണ്ടെത്തിയത്, ആത്മയിൽ പ്രോജക്ട് നൽകിയും, കർമ്മസേനയുടെ പേരിൽ ലോൺ എടുത്തും, സ്പോൺസർ ചെയ്യിച്ചും, പഞ്ചായത്ത് പ്രോജക്ടുകൾ വച്ചും, വകുപ്പ് അനുവദിച്ച 45,000 രൂപ ഉപയോഗിച്ചുമൊക്കെയാണ്. 15 ദിവസത്തെ പരിശീലനം 35,000 മുതൽ 65,000 രൂപ വരെ ചെലവാക്കിയാണ് പഞ്ചായത്തുകൾ നിർവഹിച്ചത് എന്നത് ശ്രദ്ധേയമാണ്. ഇത്തരത്തിൽ ഇതുവരെ 46 പഞ്ചായത്തുകൾ 15 ദിവസ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ കൃഷി, ജൈവവളം, ജൈവകീടനാശിനി നിർമ്മാണം, സൂക്ഷ്മാണു വളനിർമ്മാണം, കാർഷിക യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും പരിശീലനം, മെക്കാനിസം, മാനേജ്മെന്റ് പരിശീലനം, ലോക്കൽ റേറ്റ് നിശ്ചയിക്കൽ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

### ത്രിദിന മാനേജ്മെന്റ് പരിശീലനം

- പരിശീലനം പൂർത്തിയായ പഞ്ചായത്തുകളിലെ കർമ്മസേന പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, കോഡിനേറ്റർ, സൂപ്പർ വൈസർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ എന്നിവർക്ക് കിലയിൽ വച്ച് മൂന്ന് ദിവസത്തെ മാനേജ്മെന്റ് പരിശീലനം സംഘടിപ്പിച്ചു. ഇതിൽ രജിസ്റ്ററുകൾ മെയിന്റയിൻ ചെയ്യുന്നത് എങ്ങിനെ, സീസൺ പ്ലാൻ തയ്യാറാക്കുക? ഇന്റഗ്രേഷൻ, കാർഷിക മാസ്റ്റർപ്ലാൻ തയ്യാറാക്കൽ, മാനേജ്മെന്റ് ടെക്നിക്ക് എന്നിവയിൽ പരിശീലനം നൽകുന്നു.

ഇതിന്റെ ആദ്യ ബാച്ചിൽ 118 ഉം രണ്ടാം ബാച്ചിൽ 22 ഉം മൂന്നാം ബാച്ചിൽ 93 ഉം അടക്കം 233 പേരാണ് പങ്കെടുത്തത്. ആദ്യബാച്ചിന്റെ ഉദ്ഘാടനം നിർവഹിച്ചത് ബഹു. കൃഷി-മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ശ്രീ. കെ.പി. മോഹനൻ ആയിരുന്നു. തൃശൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, കൃഷിവകുപ്പ് ജില്ലാ ഓഫീസർ എന്നിവരും ഈ യോഗത്തിൽ പങ്കെടുത്തു.

### ഏകദിന പരിശീലനങ്ങൾ

കർമ്മസേനാ വ്യാപനത്തിനായി തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളിൽ 30 പഞ്ചായത്തുകൾ ഏകദിന പരിശീലനങ്ങൾ അതത് പഞ്ചായത്തുകളിൽ വച്ച് സംഘടിപ്പിച്ചു.

**ടെക്നീഷ്യൻസിനുള്ള മാനേജ്മെന്റ് പരിശീലനം**

കർമ്മസേനയിൽ കാർഷികവൃത്തിയിൽ ഏർപ്പെടുന്ന വൈദഗ്ദ്ധ്യമുള്ള ഗ്രൂപ്പാണ് ടെക്നീഷ്യൻസ്. ആയതിനാൽ അവരുടെ ആശയവിനിമയശേഷി, തീരുമാനമെടുക്കൽ ശേഷി, ഒരു ടീമായി പ്രവർത്തിക്കാനുള്ള ശേഷി, നല്ല പെരുമാറ്റം എന്നിവ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്. അതുകൂടാതെ അവരുടെ ഉത്തരവാദിത്വം, ചുമതല എന്നിവയൊക്കെ ബോദ്ധ്യപ്പെടുത്തുന്നതിനായി ദ്വിദിന പരിശീലനം സംഘടിപ്പിക്കുന്നു. കണ്ണൂർ, കാസർകോഡ് ജില്ലയിലുള്ള 6 കർമ്മസേനകളിലെ ടെക്നീഷ്യൻസിനായി 2015 മാർച്ച് 5, 6 തീയതികളിൽ കണ്ണൂർ തളിപ്പറമ്പ് ഇൻഡോർ പാർക്കിൽ വച്ച് ദ്വിദിന പരിശീലനം സംഘടിപ്പിച്ചു. ഇതിൽ 73 പേർ പങ്കെടുത്തു. 2015 മാർച്ച് 30, 31 തീയതികളിലായി കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കർമ്മസേനകളിലെ ടെക്നീഷ്യൻസിനെ ഉൾപ്പെടുത്തി കോഴിക്കോട് വെള്ളിമാട് കുന്നിലെ PMOCയിൽ വച്ച് ഒരു ദ്വിദിന പരിശീലനം സംഘടിപ്പിച്ചു. ഇതിൽ 52 പേർ പങ്കെടുത്തു. ഈ രണ്ട് പരിശീലനങ്ങളും ടെക്നീഷ്യൻസിന് ഒരു പുത്തൻ ആവേശവും കരുത്തും പകരുന്നതിന് കാരണമായി.

- 20 പഞ്ചായത്തുകൾ കർമ്മസേനയുടെ പഞ്ചായത്തുതല ഉദ്ഘാടനങ്ങൾ നടത്തി.
- പഞ്ചായത്തുകളിൽ 15 ദിവസ പരിശീലനം നടത്തുന്നതിനായി കിലയിൽ വച്ച് കാർഷിക ഉപകരണങ്ങൾ മെഷീൻസ് എന്നിവ നിർമ്മിക്കുന്ന കമ്പനികളിലെ വിദഗ്ദ്ധർ, കാർഷികമേഖലയിലെ വിദഗ്ദ്ധർ, മാനേജ്മെന്റ് വിദഗ്ദ്ധർ എന്നിവരെ ചേർത്ത് രണ്ടാമത് ദ്വിദിന പരിശീലക പരിശീലനം സംഘടിപ്പിച്ചു.
- 15 ദിവസ പരിശീലനശേഷം പഞ്ചായത്തുകളിൽ തുടർപ്രവർത്തനം ആസൂത്രണം ചെയ്യുന്നതിനും, ടെക്നീഷ്യൻസ് ഫീൽഡിൽ പ്രവർത്തനം ആരംഭിക്കുമ്പോഴും ഹാൻഹോൾഡിങ്ങ് എന്നോണം വിദഗ്ദ്ധരുടെ സേവനവും ലഭ്യമാക്കി വരുന്നു.
- കൂടാതെ നിരന്തര ഇടപെടലിന്റെ ഭാഗമായി കൃഷി വകുപ്പ് RKVY ൽപ്പെടുത്തി യന്ത്രങ്ങൾ വാങ്ങുന്നതിന് 9,00,000 രൂപയും മറ്റ് പ്രവർത്തനങ്ങൾക്ക് 1,00,000 രൂപയും അടക്കം 10,00,000 രൂപ വീതവും ബജറ്റിന്റെ ഭാഗമായി 45,000 രൂപ വീതവും അനുവദിച്ചു.
- കർമ്മസേനയുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിലെ മുഴുവൻ കൃഷിഓഫീസർമാർക്കും ഏകദിന പരിശീലനം നൽകി.
- 2014 ഒക്ടോബർ 16 ന് കൃഷിവകുപ്പ് സംഘടിപ്പിച്ച സംസ്ഥാനതല കർഷകദിനത്തിന്റെ റാലിയിൽ അസോസിയേഷന്റെ നേതൃത്വത്തിൽ കർമ്മസേന ആരംഭിച്ച 15 പഞ്ചായത്തുകൾ അസോസിയേഷന്റെ പേരോടുകൂടിയ ബാനറിൽ അണിനിരന്നു. ഇതിന് ആവശ്യമായ പരിശീലനം നൽകിയത് അസോസിയേഷനാണ്. ഈ പരിപാടിയിൽ, ഒന്നാം സ്ഥാനം കണ്ണൂർ ജില്ലയിലെ ചെറുവാഴം, രണ്ടാം

സ്ഥാനം തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ, മൂന്നാംസ്ഥാനം വയനാട് ജില്ലയിലെ മീനങ്ങാടി പഞ്ചായത്തുകൾക്ക് ആയിരുന്നു.

ഈ മൂന്നു പഞ്ചായത്തും നമ്മുടെ പ്രവർത്തനത്തിന്റെ ഭാഗമായി മുന്നോട്ടു വന്നതാണ്. ഇതിന്റെ ഭാഗമായി 200 പഞ്ചായത്തുകളുടെ ഒരു കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്കും, വിപണന ശൃംഖലയും ആരംഭിച്ചു. വരുന്ന മൂന്ന് വർഷം കൊണ്ട് ഈ പഞ്ചായത്തുകളെ തരിശുരഹിതമാക്കാനുള്ള പ്രവർത്തനവും ആരംഭിച്ചുകഴിഞ്ഞു. അഗ്രികൾച്ചർ ടെക്നിഷ്യൻസിന് നിരന്തരം പരിശീലനം നൽകാനായി സ്കൂൾ ഓഫ് അഗ്രികൾച്ചർ ടെക്നിഷ്യൻസ് എന്ന ഒരു പരിപാടിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

- **റീജിയണൽ യോഗങ്ങൾ**

കർമ്മസേനയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി അസോസിയേഷൻ സംസ്ഥാന പ്രസിഡന്റിന്റെ നേതൃത്വത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ശ്രീ. സി.പി. ജോൺ, കൃഷി വകുപ്പ് ഡയറക്ടർ എന്നിവരുമായി ചർച്ച സംഘടിപ്പിച്ചു. ഈ ചർച്ചയുടെ തീരുമാനമനുസരിച്ച് കാർഷിക കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ട് കൊണ്ട് പോകുന്നതിനായി മൂന്ന് റീജിയണായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, കൃഷി ഓഫീസർമാർ, വൈസ് പ്രസിഡന്റുമാർ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺസ് എന്നിവരെ കൂട്ടി മൂന്ന് റീജിയണിലായി യോഗം സംഘടിപ്പിച്ചു:-

1. **കോഴിക്കോട്**

കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ യോഗത്തിൽ 278 പേർ പങ്കെടുത്തു. പ്രസ്തുത യോഗം കോഴിക്കോട് കളക്ടർ ഉത്ഘാടനം നടത്തി. പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷൻ സംസ്ഥാന പ്രസിഡന്റും, സ്വാഗതം ജനറൽ സെക്രട്ടറിയുമായിരുന്നു. യോഗത്തിൽ സംസ്ഥാന സെക്രട്ടറി സി.പി. റസാക്ക്, ജില്ലാ സെക്രട്ടറി ബിജു താന്നിക്കുഴി, കോഴിക്കോട് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ എന്നിവർ പങ്കെടുത്തു. ഓരോ പഞ്ചായത്തിനും അവരുടെ സാഹചര്യങ്ങൾക്ക് അനുസരിച്ചുള്ള മെഷീൻ തെരഞ്ഞെടുക്കുന്നതിനായി വിവിധ മെഷീനുകൾ അവരെ പരിചയപ്പെടുത്തുന്നതിനായി കളക്ടറേറ്റ് കോമ്പൗണ്ടിൽ മെഷീൻസിന്റെ അതിവിപുലമായ പ്രദർശനവും സംഘടിപ്പിച്ചു.

2. **കില തൃശൂർ**

തൃശ്ശൂർ ജില്ലയിൽ വച്ച് നടത്തിയ യോഗത്തിൽ 262 പേർ പങ്കെടുത്തു. പ്രസ്തുത യോഗത്തിന്റെ അദ്ധ്യക്ഷൻ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. പിറ്റി. മാത്യുവും, സ്വാഗതം തൃശ്ശൂർ ജില്ലാ പ്രസിഡന്റ് ശ്രീ. അജിത്ത് കുമാറും ഉദ്ഘാടനം ശ്രീ. വിൻസന്റ് എം. എൽ.എയും ആയിരുന്നു. തൃശ്ശൂർ

പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, അസോസിയേഷൻ ജില്ലാ സെക്രട്ടറി രാജേന്ദ്രൻ അരങ്ങത്ത് എന്നിവർ പങ്കെടുത്തു. കോഴിക്കോടിലേതുപോലെ ഇവിടെയും കില കോമ്പൗണ്ടിൽ വിശാലമായ മെഷീൻ പ്രദർശനവും സംഘടിപ്പിച്ചു.

3. **തിരുവനന്തപുരം**

തിരുവനന്തപുരത്തെ പഞ്ചായത്ത് ഭവനിൽ വച്ച് ചേർന്ന യോഗത്തിൽ അസോസിയേഷൻ പ്രസിഡന്റ് അദ്ധ്യക്ഷനും, ജനറൽ സെക്രട്ടറി കൃതജ്ഞതയും, അഡീഷണൽ ഡയറക്ടർ അഗ്രികൾച്ചർ ശ്രീ.കെ.കെ. ചന്ദ്രൻ സ്വാഗതവും, യോഗത്തിന്റെ ഉത്ഘാടനം ബഹു. കൃഷി മന്ത്രി ശ്രീ.കെ. പി.മോഹനനും നിർവ്വഹിച്ചു. പ്രസ്തുത യോഗത്തിൽ ശ്രീ.എം. നസീർ സംസ്ഥാന സെക്രട്ടറി, കൃഷി പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ എന്നിവർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ 168 പേർ പങ്കെടുത്തു. കോഴിക്കോടിലേതുപോലെ ഇവിടെയും വിപുലമായ മെഷീൻ പ്രദർശനം സംഘടിപ്പിച്ചിരുന്നു.

ഈ റീജിയണൽ യോഗങ്ങൾ അസോസിയേഷന്റെ സ്വീകാര്യത വർദ്ധിക്കാനും, പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കാനും സഹായകമായി എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

കൃഷിവകുപ്പും, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും പഞ്ചായത്തുകളും ചേർന്ന് കാർഷികരംഗത്തെ സ്ഥിരപ്പെടുത്തുന്നതിന് നടത്തുന്ന ഈ ശ്രമം കേരളചരിത്രത്തിൽ ആദ്യ സംഭവമായിരിക്കും. ഈ കൂട്ടായ്മയിലൂടെ വലിയ ഒരു മാറ്റത്തിനു കഴിയും എന്നാണ് ഞങ്ങൾ ഇതുവരെയുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ പ്രതീക്ഷിക്കുന്നത്.

## കാർഷിക കർമ്മസേന: പ്രധാന നേട്ടങ്ങൾ

200 പഞ്ചായത്തുകളിൽ ലക്ഷ്യമിട്ട് പ്രവർത്തനമാരംഭിച്ച കാർഷിക കർമ്മസേന ഇന്ന് 46 പഞ്ചായത്തുകളിൽ 15 ദിവസ പരിശീലനം പൂർത്തിയാക്കി. ഇതിൽ 33 സ്ഥലത്തും ടെക്നീഷ്യൻസ് മാസശമ്പളം വാങ്ങി പ്രവർത്തനം ആരംഭിച്ചു. 26 സ്ഥലത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വളരെ കുറഞ്ഞ ഈ കാലയളവിനുള്ളിൽതന്നെ എടുത്തുപറയത്തക്ക മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു എന്നത് ശ്രദ്ധേയമായ കാര്യമാണ്.

- കർഷകർക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട സേവനം ഒരു ഫോൺ കോളിലൂടെ ലഭിക്കുന്നു എന്നതിനാൽ.
- കൃഷി ആസൂത്രണത്തിനും മോണിറ്ററിങ്ങിനും നിരന്തര പിന്തുണയ്ക്കും വൈദഗ്ദ്ധ്യമുള്ള ഒരു ടീം ഉണ്ട് എന്നതിനാൽ.
- പുതിയ പുതിയ കാർഷിക പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നു എന്നതിനാൽ.

- കർമ്മസേന തന്നെ പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുക്കുന്നു എന്നതിനാൽ.
  - ഇന്ന്, ഏകദേശം 8 മാസം കൊണ്ട് 204 ഏക്കർ കർമ്മസേനകൾ നേരിട്ട് കൃഷി ആരംഭിച്ചിട്ടുണ്ട്.
  - തരിശായിക്കിടന്ന ഏകദേശം 382 ഏക്കർ നെൽവയൽ കൃഷിയോഗ്യമാക്കി കൃഷിചെയ്യാൻ ആരംഭിച്ചു.
  - ഇതു കൂടാതെ തെങ്ങിന് തടം തുറക്കൽ, പുതയിടൽ, ഇടവിളകൃഷി, മരുന്ന് തളിക്കൽ എന്നിവ ചെയ്യാതിരുന്നിടത്തുനിന്നുമാറി ധാരാളം കർഷകർ അത്തരം പ്രവൃത്തികൾ കർമ്മസേന വഴി ചെയ്യാനാരംഭിച്ചു.
  - 26 പഞ്ചായത്തുകളിൽ കർഷകരുടെ രജിസ്ട്രേഷൻ ധാരാളമായി വരുന്നു.
  - ഇന്ന് 34 പഞ്ചായത്തുകളിലായി 646 ടെക്നീഷ്യൻസ് മാസശമ്പളക്കാരായി മാറി.
  - കൃഷിവകുപ്പ് വഴി, ത്രിതല പഞ്ചായത്തുകൾ വഴി വരുന്ന സ്കീമുകൾ കർഷകർക്ക് വിതരണം നടത്തിയിരുന്ന അവസ്ഥയിൽനിന്നു മാറി സ്കീമുകൾ കർമ്മസേന വഴി നടപ്പിലാക്കിക്കൊടുക്കുന്ന അവസ്ഥയിലേക്ക് മാറിയിട്ടുണ്ട് എന്നത് ഒരു വലിയ മാറ്റമാണ് സൃഷ്ടിച്ചിട്ടുള്ളത്.

ഇത്തരത്തിൽ നേട്ടങ്ങളുമായി കർമ്മസേനയുടെ പ്രവർത്തനം മുന്നോട്ട് പോകുമ്പോഴും ഉദ്ദേശിച്ച വേഗത്തിൽ പ്രവർത്തനങ്ങൾ എത്തിക്കാൻ കഴിയാത്തത് ആവശ്യത്തിന് മെഷീൻസ് ഇല്ല എന്നതാണ്. പ്രവർത്തിക്കുന്നവരൊക്കെ മെഷീൻസ് വാടകയ്ക്കെടുത്ത് പ്രവർത്തിക്കുന്നു എന്ന അവരുടെ ഇച്ഛാശക്തിയെ നന്ദിയോടെ സ്മരിക്കണം. ഒട്ടേറെ തടസ്സങ്ങൾ തരണം ചെയ്തുകൊണ്ടാണ് ഈ പ്രവർത്തനം മുന്നോട്ടുപോകുന്നത്. അതിന് ഈ പ്രവർത്തനത്തോടൊപ്പം അസോസിയേഷനെ സഹായിക്കുന്ന സർക്കാർ, പ്രത്യേകിച്ച് കൃഷി വകുപ്പും ബഹു. കൃഷി മന്ത്രിയും, കുടപ്പനക്കുന്ന് കാർഷിക കർമ്മസേന - പ്രത്യേകിച്ച് കൃഷി ഓഫീസർ ശ്രീമതി മിനി, കോഡിനേറ്റർ ശ്രീ കെ.ജി. ബിനുലാൽ, ജനപ്രതിനിധികൾ, കൃഷി ഓഫീസർമാർ, വിവിധ കമ്പനികളായ വി.എസ്.റ്റി., ഹോണ്ട, അഗ്രിമാർട്ട്, മഹീന്ദ്ര, റെഡ് ലാൻഡ്സ്, ഏജൻസികളായ കല്ലറയ്ക്കൽ ഏജൻസി, സ്ഥാപനങ്ങളായ റെയ്ഡ്കോ, കാംകൊ, കാർഷികമേഖലയിലെ വിദഗ്ദ്ധർ എന്നിവരെയും ഈയവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

## ലോഗിൻ

സ്വിസ് ഡെവലപ്പ്മെന്റ് കോപ്പറേഷന്റെ സഹായത്തോടെ ഏഷ്യ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന അധികാര വികേന്ദ്രീകരണ പ്രമോഷൻ ഫോറമായ ലോഗിനിൽ അവരുടെ ആവശ്യത്തെ അടിസ്ഥാനപ്പെടുത്തി നമ്മൾ അംഗമായി എന്നത് നമ്മുടെ പേര് ഏഷ്യാതലത്തിൽ എത്തിക്കുന്നതിന് സഹായകമായി. ഇതിന്റെ മുന്നോടിയായി ഇന്ത്യയുടെ സമീപ രാജ്യങ്ങളായ നേപ്പാൾ, ഭൂട്ടാൻ, ശ്രീലങ്ക, ബംഗ്ലാദേശ്

എന്നിവിടങ്ങളിൽ നിന്നും ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമായി ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഒരു ടീം വന്നിരുന്നു. രണ്ടു ദിവസ സന്ദർശനത്തിനു വന്ന അവർ നാലു പഞ്ചായത്തുകൾ, അസോസിയേഷൻ എന്നിവയെക്കുറിച്ച് വിശദമായി പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തിരുന്നു.

## കുട്ടി അഹമ്മദ്കുട്ടി കമ്മിറ്റി

പഞ്ചായത്ത് ഭരണപരിഷ്ക്കാര കമ്മീഷൻ മുതൽ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ.കുട്ടി അഹമ്മദ് കുട്ടിയെ ചെയർമാനാക്കി സർക്കാർ ഒരു കമ്മ റ്റിക്ക് രൂപംനൽകി. പ്രസ്തുത കമ്മറ്റിയുടെ ഒരു യോഗം 09.04.2015 ന് കിലയിൽ വച്ച് ചേർന്നു. ഈ യോഗത്തിൽ ജനറൽ സെക്രട്ടറി പങ്കെടുക്കുകയും ഒരു കരട് രേഖ സമ ർപ്പിക്കുകയും ചെയ്തു. എല്ലാ ജില്ലയിലും വിപുലമായ ചർച്ച നടത്തി വിശാലമായ ഒരു രേഖ തയ്യാറാക്കി ഈ കമ്മീഷനായി നൽകുന്നതിനള്ള പ്രവർത്തനങ്ങൾ നടന്നു വരുകയാണ്.

## അയൽസഭ

അയൽസഭ രൂപീകരിക്കാനും അയൽസഭ ഭരണത്തിന്റെയും അധികാരവികേന്ദ്രീ കരണത്തിന്റെയും, വികേന്ദ്രീകൃത ആസൂത്രണത്തിന്റെയും പ്രത്യക്ഷജനാധിപത്യ ത്തിന്റെ ഏറ്റവും സുഷ്മതലം എന്നനിലയിൽ എങ്ങിനെ പ്രവർത്തിപ്പിക്കാം എന്ന തിന് മാതൃകയാക്കുന്നതിന് എറണാകുളം ജില്ലയിൽ നിന്നും അപേക്ഷ തന്ന 40 പഞ്ചാ യത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ചുവടെ കൊടുത്തി ട്ടുള്ള പ്രവർത്തനങ്ങളാണ് നടന്നത്.

- തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺസ്, പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് ഒരു ഹാഫ്ഡേ പരിശീലനം എറണാകു ളത്ത് ആലുവയിലുള്ള ഫാർമേഴ്സ് ബാങ്കിൽ വച്ച് സംഘടിപ്പിച്ചു. പ്രസ്തുത പരിപാടി അസോസിയേഷൻ പ്രസിഡന്റാണ് ഉദ്ഘാടനകർമ്മം നിർവഹിച്ചത്.
- ഒരു പഞ്ചായത്തിലെ ഒരു വാർഡിൽ നിന്നും റിസോഴ്സ് പേഴ്സണായി പഞ്ചാ യത്ത് തെരഞ്ഞെടുത്ത് തന്നവർക്ക് 37 കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകി. ഇതിൽ ആകെ 3124 പേർ പരിശീലനാർത്ഥികളായി പങ്കെടുത്തു.
- അവരുടെ സഹായത്തോടെ പഞ്ചായത്തുകൾ അയൽസഭ രൂപീകരണ പ്രക്രിയ ആരംഭിച്ചു.
- അയൽക്കൂട്ടസഭ ഭാരവാഹികൾക്കുള്ള ഏകദിന പരിശീലനത്തിന്റെ മോഡ്യൂൾ തയ്യാറാക്കുന്നതിനായി ദ്വിദിന ഫാക്കൽറ്റി ശിൽപ്പശാല സംഘടിപ്പിച്ചു.

ജില്ലയിൽ ഇതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ജില്ലാ അസോസിയേഷൻ വേണ്ട രീതിയിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

## LSGD എഞ്ചിനീയറിംഗ് വിഭാഗം

തദ്ദേശസ്വയം ഭരണ സ്ഥാപന എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി പഞ്ചായത്തുകൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും, പഞ്ചായത്തുകളുമായി കൂടുതൽ അടുപ്പിക്കുന്നതിനുമായി ലക്ഷ്യമിട്ട് സംസ്ഥാന പ്രസിഡന്റ് മുൻകൈ എടുത്ത് ഒരു യോഗം സംഘടിപ്പിച്ചു. 2015 ഫെബ്രുവരി 15 ന് അസോസിയേഷനിൽ വച്ച് സംഘടിപ്പിച്ച പ്രസ്തുത ചർച്ചയിൽ അസോസിയേഷൻ ഭാരവാഹികൾ പഞ്ചായത്ത് സെക്രട്ടറിമാർ, LSGD ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ്, AE മാർ കെ ബാബു - ജോ. ഡയറക്ടർ പഞ്ചായത്ത് ഡോ. പി.പി. ബാലൻ ഡയറക്ടർ കില എന്നിങ്ങനെ 17 പേർ പങ്കെടുത്തു. ഈ ചർച്ചയുടെ ഭാഗമായി സർക്കാരിന് നൽകാനായി ഒരു നിവേദനം തയ്യാറാക്കി. അത് സർക്കാരിന് സമർപ്പിച്ചു. എഞ്ചിനീയറിംഗ് വിങ്ങിന്റെ ഭാഗമായി വരുത്തേണ്ട മാറ്റങ്ങൾ പ്രത്യേകം തയ്യാറാക്കി. ആ മാറ്റം അടിയന്തിരമായി വരുത്താൻ തീരുമാനിച്ചു. എഞ്ചിനീയേഴ്സിന് പഞ്ചായത്തിരാജിനെ സംബന്ധിച്ചും നിലവിലെ ഉത്തരവ് ചട്ടങ്ങൾ എന്നിവ സംബന്ധിച്ച് കിലയുമായി ചേർന്ന് പരിശീലനം നൽകുന്നതിന് തീരുമാനിച്ചു. കൂടാതെ പഞ്ചായത്തുകൾക്ക് അപ്പപ്പോൾ ബന്ധപ്പെട്ട് സംശയ നിവാരണം നടത്താനായി അടിയന്തിരമായി ഒരു ഹെൽപ്പ് ഡെസ്ക്ക് ആരംഭിക്കാനും തീരുമാനിച്ചു.

ഇതിന്റെ രണ്ടാം ഘട്ടം എന്ന നിലയിൽ 2015 മാർച്ച് 11 ന് കിലയുടെ പ്രതിനിധികളും ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികളും, LSGD എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രതിനിധികളും അസോസിയേഷൻ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഒരുമിച്ചിരുന്ന് തുടർന്ന് നടത്തേണ്ട പരിശീലനങ്ങൾ അടക്കമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. പ്രസ്തുത യോഗത്തിൽ 13 പേരാണ് പങ്കെടുത്തത്.

## ത്രിതല പഞ്ചായത്ത് അസോസിയേഷൻ

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അസോസിയേഷനുകൾ സംയുക്തമായി ഒരു പ്ളാറ്റ്ഫോം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ആദ്യമായി അത്തരത്തിൽ ഒരു യോഗം 2014 ജൂലൈ 17 ന് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കിലയിൽ വച്ച് ചേർന്നു. ഈ യോഗത്തിൽ രണ്ട് പ്രധാന അജണ്ടകളെ കുറിച്ചാണ് ചർച്ച നടന്നത്. ത്രിതല പഞ്ചായത്തുകളുടെ കോമൺ പ്ളാറ്റ്ഫോമിന്റെ ആവശ്യകതയെക്കുറിച്ചും, 12-ാം പദ്ധതി മാർഗ്ഗരേഖയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുമായിരുന്നു.

## അസിസ്റ്റന്റ് സെക്രട്ടറി

കേരള സർക്കാർ അധികമായി പഞ്ചായത്തുകൾക്ക് ലഭ്യമാക്കിയ ഒരു തസ്തികയാണ് അസിസ്റ്റന്റ് സെക്രട്ടറിമാരുടേത്. എന്നാൽ എന്തായിരിക്കണം അവരുടെ ഉത്ത

രവാദിത്വങ്ങൾ ചുമതലകൾ എന്ന കാര്യത്തിൽ ആശയക്കുഴപ്പം ഉണ്ടായിരുന്നതിനാൽ നല്കിയ ഉത്തരവാദിത്വങ്ങൾ ഈ തസ്തിക കൊണ്ട് പഞ്ചായത്തിന് ഗുണം കിട്ടാത്ത തരത്തിൽ ആയിരുന്നതിനാൽ അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ഉത്തരവാദിത്വങ്ങൾ ചുമതലകൾ എന്നിവ ചർച്ച ചെയ്യുന്നതിനായി അസോസിയേഷൻ 2014 ആഗസ്റ്റ് 24 ന് ഒരു യോഗം വിളിച്ച് ചേർത്തു. അസോസിയേഷൻ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ, പഞ്ചായത്ത് സെക്രട്ടറിമാർ, അസിസ്റ്റന്റ് സെക്രട്ടറിമാർ, അവരുടെ സംഘടനാപ്രതിനിധികൾ, എക്സ്പോർട്ട്സ്, കിലയുടെ പ്രതിനിധികൾ, പഞ്ചായത്ത് ഡയറക്ടർ ഇൻ ചാർജ്ജ് ശ്രീ.എ. സെയ്ദ്, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റർ ശ്രീ.ദിവാകരൻപിള്ള ജോ. ഡയറക്ടർ പഞ്ചായത്ത് ശ്രീ.ബാബു എന്നിവർ പങ്കെടുത്തു. വളരെ സജീവമായ ചർച്ചയാണ് നടന്നത്. ചർച്ചയിൽ ഉരിത്തിരിഞ്ഞ കാര്യങ്ങൾ എഴുതി തയ്യാറാക്കി 2015 ൽ അസോസിയേഷനിൽ വച്ച് കൂടിയ വിവിധ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തി അതിന് മൂർത്തമായ രൂപംനൽകി. ഇത്തരത്തിൽ തയ്യാറാക്കിയ രേഖ ബഹു. പഞ്ചായത്ത് വകുപ്പ്മന്ത്രി, ബഹു ഗ്രാമവികസന ആസൂത്രണവകുപ്പ് മന്ത്രി പഞ്ചായത്ത് ഡയറക്ടർ ഇൻചാർജ്ജ്, പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവർക്ക് നൽകി.

## 5-ാം ധനകാര്യ കമ്മിഷൻ

5-ാം ധനകാര്യ കമ്മിഷൻ നിലവിൽ വന്നപ്പോൾ തന്നെ പഞ്ചായത്തുകൾക്ക് അനുകൂലമല്ലാത്ത തരത്തിലുള്ള പത്രപ്രസ്താവനകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിനെതിരെ ശക്തമായി അസോസിയേഷൻ പ്രതികരിച്ചു. കൂടാതെ കമ്മിഷന്റെ മുന്നിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി രേഖാമൂലം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. കമ്മിഷൻ വിളിച്ചുകൂട്ടിയ രണ്ട് യോഗങ്ങളിൽ അസോസിയേഷൻ പ്രതിനിധികൾ പങ്കെടുക്കുകയും, ജനറൽ സെക്രട്ടറി കമ്മിഷന്റെ പ്രവർത്തനങ്ങളെ ശക്തമായി എതിർക്കുകയും, അസോസിയേഷന്റെ അഭിപ്രായങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

## അഹമ്മദ് കുരിക്കൾ പഞ്ചായത്ത് ഭവൻ

- ഇവിടത്തെ കുടിവെള്ളപ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി വാട്ടർ അതോറിറ്റിയുടെ ലൈൻ മാറ്റിക്കൊടുക്കാനും 10,000 ലിറ്ററിന്റെ ഒരു സ്റ്റോറേജ് ടാങ്ക് വാങ്ങി സ്ഥാപിക്കാനും കഴിഞ്ഞു.
- ഓരോ പരിപാടി നടക്കുമ്പോഴും ഭക്ഷണം നൽകുന്നതിനായി മുറ്റത്ത് ടാർപ്പോളിൻ, ഷാമിയാന കെട്ടേണ്ട അവസ്ഥയാണ് ഉണ്ടായിരുന്നത്.

ഓരോരുത്തർക്കും ഈയിനത്തിൽ 24,000 രൂപ വരെ ചെലവ് വരുമായിരുന്നു. ഇത് ഒഴിവാക്കുന്നതിനും 8000 രൂപ വാടകയ്ക്ക് നൽകുന്നതിനുമായി മുറ്റത്ത് ഒരു സ്ഥിര സംവിധാനം ഒരുക്കി.

- അസോസിയേഷന് സ്വന്തമായി മാരുതി എർട്ടിഗോയുടെ ഒരു വാഹനം വാങ്ങി.
- മിനി ഹാൾ എ.സി.യാക്കി, പനലിംഗ് നടത്തി പുതിയ കർട്ടനുമിട്ട് മോടി കൂട്ടി.
- കേടായ ഫോട്ടോകോപ്പിയർ, എൽ.സി.ഡി. പ്രോജക്ടർ എന്നിവ മാറ്റി പുതിയത് വാങ്ങി, അക്കൗണ്ടന്റിന് ഒരു ക്യാബിൻ പണിതു, കിലയുടെ സാമ്പത്തിക സഹായത്തോടെ പുതിയ കമ്പ്യൂട്ടറും ലാപ്ടോപ്പും വാങ്ങി, മാനേജറുടെ റൂമിന് മുന്നിൽ ഫോട്ടോകോപ്പിയർ വയ്ക്കാനായി ഒരു ക്യാബിൻ പണിതു.
- മെയിൻ ഹാൾ, മിനി ഹാൾ, ഡൈനിംഗ് ഹാൾ, ഓഫീസ് എന്നിവ പെയിന്റ് ചെയ്തു.
- കെട്ടിടത്തിനു മുന്നിൽ വലിയ ഒരു നെയിം ബോർഡ് സ്ഥാപിച്ചു.
- നിലവിലുണ്ടായിരുന്ന പൊളിഞ്ഞ അടുക്കള പൊളിച്ചുമാറ്റി അവിടെ ഒരു ഡൈനിംഗ് ഹാൾ, മുകളിലായി മൂന്ന് മുറി, നിലവിലെ 7 മുറികൾക്ക് മുകളിൽ 7 മുറികൾ കൂടി, ഒരു എ.സി. ഡോർമെട്രി എന്നിങ്ങനെ അഡിഷണലായി 30 പേർക്കു കൂടി കിടക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. ഇതിനായി ഒരു പഞ്ചായത്തിൽ നിന്നും 7000 രൂപ വച്ച് ശേഖരിക്കാനുള്ള പ്രത്യേകാനുമതിയും സർക്കാർ നൽകി. അതിന്റെ പ്രവർത്തനം നടന്നുവരുന്നു.

## മറ്റ് ഇടപെടലുകൾ

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾ 12 വർഷത്തേക്ക് സെക്രട്ടറിയുമായി വയ്ക്കുന്ന എഗ്രിമെന്റിന്റെ കരാർതുക പഞ്ചായത്തിൽ നിന്നും വഹിക്കാവുന്നതിനുള്ള സർക്കാർ ഉത്തരവ്.
- ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി 14,000 രൂപയായി ഒരു വർഷത്തേക്ക് വർദ്ധിപ്പിച്ച് സർക്കാർ അനുമതി.
- മഴക്കാല ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് 50,000 രൂപ വരെ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി (9/5/2014).
- സോഷ്യോ ഇക്കണോമിക് ആൻഡ് കാസ്റ്റ് സെൻസസിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിന് അനാവശ്യമായി പഞ്ചായത്തുകളുടെ ചുമലിൽ, ഇതിലെ തെറ്റുകൾ പരിഹരിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏൽപിക്കുന്ന നടപടി ഒഴിവാക്കാൻ വേണ്ട ഇടപെടൽ.
- ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി പ്രകാരം ലഭിച്ചിരുന്ന തുകയുടെ അധികതുക ഗ്രാമപഞ്ചായത്തുകൾക്ക് കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ

70,000 രൂപ സർക്കാർ തന്നിരുന്നു. എന്നാൽ ഐ.എ.വൈ.യുടെ തുക 70,000 ആക്കിയപ്പോൾ സർക്കാർ സഹായം 50,000 ആയി ലഭ്യമാക്കാൻ വേണ്ട ഇടപെടൽ നടത്തി.

- പാലിയേറ്റീവ് പരിചരണത്തിന് നിയോഗിക്കപ്പെടുന്ന നഴ്സുമാർക്ക് വർഷം മുഴുവൻ വികസന ഫണ്ടിൽ നിന്നും ഹോണറേറിയം നൽകാൻ ഉത്തരവ്.
- ഗ്രാമകേന്ദ്രങ്ങൾ സംബന്ധിച്ച ഉത്തരവ് പല ആവൃത്തി അസോസിയേഷൻ ചർച്ചചെയ്ത് നിർദ്ദേശങ്ങൾ നൽകിയിരുന്നു.
- ഗ്രാമപഞ്ചായത്തുകൾ ക്ഷീരസംഘങ്ങൾ വഴി നടപ്പിലാക്കുന്ന കാലിത്തീറ്റ വിതരണം ത്രിതല പഞ്ചായത്തുകൾ ചേർന്ന് നടപ്പിലാക്കാൻ ഉത്തരവ്.
- ഗ്രാമ-ബ്ലോക്ക് സംയുക്ത റോഡ് പദ്ധതികൾ ഏറ്റെടുക്കാൻ അനുമതി.
- പഞ്ചായത്തുകളിൽ പ്രവർത്തിച്ചുവരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർ, ബഡ്സ് സ്കൂൾ അദ്ധ്യാപകർ, ആശാ വർക്കർമാർ എന്നിവർക്ക് തനത് ഫണ്ടിൽ നിന്നും ഉത്സവബത്ത നൽകുന്നതിന് അനുമതി.
- സ്പിൽഓവർ പദ്ധതിയുടെ നിർവഹണ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഭവന നിർമ്മാണ പദ്ധതിയിലൂടെ വീടും സ്ഥലവും നൽകിയവർക്ക് ധനകാര്യ സ്ഥാപനത്തിൽ നിന്നും ഇവ ഈടുവച്ച് ലോൺ എടുക്കാൻ അനുമതി.
- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആനുകൂല്യം നൽകുന്നതിനുള്ള ഉയർന്ന വരുമാന പരിധി ഒരു ലക്ഷമാക്കി
- ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ്.
- 12-ാം പദ്ധതി മാർഗരേഖയിൽ കാലോചിതമായ ഭേദഗതി വരുത്താനുള്ള ഇടപെടൽ.
- 12-ാം പദ്ധതിയിലെ 4-ാം വർഷ ഭേദഗതി ഉണ്ടാക്കുന്നതിനുള്ള സമയക്രമം നിശ്ചയിക്കുന്നതിനുള്ള ഇടപെടൽ.
- തെരുവു വിളക്കുകളുടെ മെയിന്റൻസിന് ആടാട്ട് മോഡലിൽ ചെയ്യാനുള്ള ഉത്തരവ്.
- പ്രോജക്ട് ഭേദഗതി ചെയ്യാൻ ഉത്തരവ്.
- ട്രഷറി ബാൻ ഒഴിവാക്കാനുള്ള നിരന്തര ഇടപെടൽ.
- 2015-16 കാലയളവിലെ പദ്ധതി 10 % അധികരിച്ച് തയ്യാറാക്കാൻ അനുമതി.
- 2015 മാർച്ച് 25 വരെയും പ്രോജക്ട് ഭേദഗതിക്ക് അനുമതി; മാർച്ച് 31 വരെയും സ്പിൽഓവർ പ്രോജക്ടുകൾ നിർവഹിക്കാൻ അനുമതി.
- കുടുംബശ്രീ പ്രവർത്തകരെ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇറങ്ങിയ സർക്കുലറുമായി ബന്ധപ്പെട്ട് അസോസിയേഷൻ വേണ്ട രീതിയിൽ ഇടപെട്ടിട്ടുണ്ട്.

ഇത് കൂടാതെ പഞ്ചായത്തുകൾ അപ്പപ്പോൾ അവരുടെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി അസോസിയേഷനിലേക്ക് തന്നിട്ടുള്ള വിവരങ്ങൾ അപ്പപ്പോൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാനും ശ്രമിച്ചിട്ടുണ്ട്.

ഈ റിപ്പോർട്ടും കണക്കും നിങ്ങളുടെ ചർച്ചയ്ക്കും കൂട്ടിച്ചേർക്കലുകൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

# 01/04/2014 മുതൽ 31/03/2015 വരെയുള്ള വരവ് ചിലവ് കണക്കുകൾ

## വരവ്

| നമ്പർ | വിശദാംശങ്ങൾ | കാശ് | ബാങ്ക് |
|---|---|---|---|
| 1 | ബാങ്ക് നിക്ഷേപം | 0.00 | 8,79,455.00 |
| 2 | ബാങ്കിൽ നിന്നും പിൻവലിച്ചത് | 25,92,268.00 | 0.00 |
| 3 | പഞ്ചായത്ത് ഭവൻ ഫണ്ട് | 7,000.00 | 12,40,643.00 |
| 4 | വാടക | 5,23,655.00 | 8,12,900.00 |
| 5 | വരിസംഖ്യ | 2,36,000.00 | 21,02,213.00 |
| 6 | കുടുംബ ധനസഹായം | 1,14,000.00 | 8,22,700.00 |
| 7 | കിലാ ഫണ്ട് | 0.00 | 8,00,000.00 |
| 8 | ബാങ്ക്ചാർജ്ജ് | 0.00 | 42,857.00 |
| 9 | പഴയ സാധനങ്ങൾ വിറ്റവകയിൽ | 8600.00 | 0.00 |
| 10 | മറ്റ് വരുമാനങ്ങൾ | 0.00 | 21,000.00 |
| | | | |
| | ആകെ | 34,81,523.00 | 67,21,768.00 |

# ചിലവ്

| നമ്പർ | വിശദാംശങ്ങൾ | കാശ് | ബാങ്ക് |
|---|---|---|---|
| 1 | ബാങ്ക് നിക്ഷേപം | 8,70,855.00 | 0.00 |
| 2 | ബാങ്കിൽ നിന്നും പിൻവലിച്ചത് | 0.00 | 25,92,268.00 |
| 3 | ജീവനക്കാരുടെ ലോൺ | 0.00 | 1,35,000.00 |
| 4 | ജീവനക്കാരുടെ ശമ്പളം | 13,35,332.00 | 0.00 |
| 5 | ബാങ്ക്ചാർജ്ജ് | 0.00 | 5,023.00 |
| 6 | കില പരിശീലനം | 0.00 | 5,53,800.00 |
| 7 | യാത്രാ അലവൻസ് | 225679.00 | 0.00 |
| 8 | കുടുംബ ധന സഹായം | 0.00 | 1436000.00 |
| 9 | ഇലക്ട്രിസിറ്റിചാർജ്ജ് | 1,97,390.00 | 0.00 |
| 10 | കേബിൾചാർജ്ജ്(റ്റി.വി) | 3,130.00 | 0.00 |
| 11 | കമ്മറ്റി ഭക്ഷണം | 64,672.00 | 0.00 |
| 12 | ഇന്ധന ചെലവ് | 28,400.00 | 0.00 |
| 13 | ഐഡിയ നെറ്റ്ചാർജ്ജ് | 9,234.00 | 0.00 |
| 14 | തപാൽ ചെലവ്(സ്റ്റാമ്പ്) | 16,082.00 | 0.00 |
| 15 | പ്രിന്റിംഗ് & സ്റ്റേഷനറി | 46,422.00 | 0.00 |
| 16 | റിപ്പയർ & മെയിന്റനൻസ് | 1,14,595.00 | 0.00 |
| 17 | ശുചീകരണ സാമഗ്രഹികൾ വാങ്ങിയവകയിൽ | 21,940.00 | 0.00 |
| 18 | സ്പെഷ്യൽ അലവൻസ് | 91,702.00 | 0.00 |
| 19 | യാത്ര ചെലവ് | 10,150.00 | 0.00 |
| 20 | യു.പി.എസ്വാങ്ങിയവകയിൽ | 2,300.00 | 0.00 |
| 21 | മറ്റ്ഓഫീസ്ചെലവുകൾ | 28,769.00 | 0.00 |

| | | | |
|---|---|---|---|
| 22 | റീത്ത് | 1000.00 | 0.00 |
| 23 | ഫോൺ ചാർജ്ജ് | 35,032.00 | 0.00 |
| 24 | വെള്ളംകരം | 53,313.00 | 0.00 |
| 25 | ദിന പത്രം | 13,890.00 | 0.00 |
| 26 | ലേബർചാർജ്ജ് | 21,050.00 | 0.00 |
| 27 | ബാനർ- ജനറൽബോഡി | 1620.00 | 0.00 |
| 28 | ബൊക്ക | 180.00 | 0.00 |
| 29 | ധന സഹായം | 10,000.00 | 0.00 |
| 30 | ഭക്ഷണ ചെലവ് ജനറൽബോഡി | 0.00 | 85,000.00 |
| 31 | ഹോട്ടൽറെന്റ്(ജനറൽബോഡി) | 8,129.00 | 0.00 |
| 32 | ബൈക്ക് റിഷയർ | 6,417.00 | 0.00 |
| 33 | വാടകതിരികെ | 5000 | 16,250.00 |
| 34 | കാർഅസസറീസ് | 1120.00 | 0.00 |
| 35 | ഫോട്ടോ ഡോക്യുമെന്റേഷൻ | 5000.00 | 7000.00 |
| 36 | സർവീസ്ടാക്സ് | 77,178.00 | 0.00 |
| 37 | സൗണ്ട്സിസ്റ്റം(ജനറൽബോഡി) | 7,600.00 | 0.00 |
| 38 | സ്പെഷ്യൽ അലവൻസ് (ജനറൽബോഡി) | 16,000.00 | 0.00 |
| 39 | സ്റ്റേജ്അലങ്കാരം | 0.00 | 40,000.00 |
| 40 | താല്ക്കാലികജീവനക്കാരുടെവേതനം | 35,300.00 | 0.00 |
| 41 | സോഫ്റ്റ്വെയർ | 0.00 | 24,000.00 |
| 42 | ഓഫീസ് ഫർണിച്ചർ | 260.00 | 2,72,000.00 |
| 43 | ശമ്പള അഡ്വാൻസ്(ഫെസ്റ്റിവൽ) | 57,000.00 | 0.00 |
| 44 | ജീവനക്കാരുടെ ടി.എ | 1262.00 | 0.00 |
| 45 | വാഹനം(കാർ) | 0.00 | 9,79,461.00 |

| | | | |
|---|---|---|---|
| 46 | പരസ്യം നൽകിയവകയിൽ | 13,160.00 | 0.00 |
| 47 | കമ്മറ്റി ചെലവ് | 7,589.00 | 0.00 |
| 48 | ഓണംബോണസ് | 22,400.00 | 0.00 |
| 49 | മറ്റ്വേതനം | 4,500.00 | 0.00 |
| 50 | കാർസർവീസ് | 9,702.00 | 0.00 |
| 51 | തപാൽചെലവ് | 70.00 | 0.00 |
| 52 | അസറ്റ്-ലാപ്ടോപ്പ് | 0.00 | 44,000.00 |
| 53 | അസറ്റ്- പ്രൊജക്റ്റർ | 0.00 | 41,250.00 |
| | | | |
| | ആകെ | 34,82,013.00 | 62,81,052.00 |

| കണക്ക് വിശദാംശങ്ങൾ | | |
|---|---|---|
| വിശദാംശങ്ങൾ | കാശ് | ബാങ്ക് |
| മുൻനിക്കിയിരിപ്പ് : | 1,770.00 | 38,88,222.21 |
| തൻ വർഷ വരവ് : | 34,81,523.00 | 67,21,768.00 |
| തൻ വർഷ മൊത്തം വരവ് : | 34,83,293.00 | 1,06,09,990.21 |
| തൻ വർഷ മൊത്തം ചിലവു : | 34,82,013.00 | 62,81,052.00 |
| നീക്കിയിരിപ്പ് : | 1,280.00 | 43,28,938.21 |

31.03.15 Main- A/c No: 10570291017 **Rs.30,88,295.21**
31.03.15 PBF- A/c No: 10570291006 **Rs.12,40,643.58**

Grand Total - **Rs. 43,28,938.79**

***ലാപ്ടോപ്പ്, പ്രൊജക്റ്റർ, കോപ്പിയർ,കംപ്യൂട്ടർ എന്നിവ വാങ്ങിയ വകയിലുള്ള തുകയായ 2,32,050 രൂപ 2015 ഏപ്രിൽ മാസത്തിലെ ബാങ്ക് ട്രാൻസാക്ഷനിലാണ് ഉള്ളത് (ബാങ്ക് റീകൺസിലേഷൻ) ആയതിനാൽ മേൽപറഞ്ഞ തുക ബാങ്ക് ബാലൻസിൽ നിന്നും വ്യത്യസ്തമായിരിക്കും.**